QP CODE: 21103258

21103258

Reg No : ....................

Name : ....................

# UNDER GRADUATE (CBCS) REGULAR / REAPPEARANCE EXAMINATIONS, DECEMBER 2021

**Second Semester**

**Common Course II - ML2CCT02 - മലയാളം- കവിത**

(Common for all Model I B.A / B.Sc Programmes)

**For Regular Candidates : 2017 Admission Onwards**

**For Private Candidates : 2020 Admission Only**

297E6036

Time: 3 Hours Max. Marks : 80

***Instructions to Private candidates only**: This question paper contains **two sections**. Answer **SECTION I** questions in the answer-book provided. **SECTION II,** Internal examination questions must be answered in the question paper itself. Follow the detailed instructions given under **SECTION II***

## SECTION I

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.*

1. "വിറയൊടുമിണമുമ്പു വിസ്തുടാംശം
   ചിറകു വിതിർത്ത കപോതി പോലണഞ്ഞാൾ" - ആര്? സന്ദർഭമെഴുതുക.

2. "അഥ മദനനകന്നു ശൂന്യമായ് തൽ-
   പഥമതു പക്ഷി വെടിഞ്ഞ ശാഖിപോലെ" - വിശദീകരിക്കുക.

3. " ആളുകൾ ദൂരെ നിന്ന് ചൂണ്ടി
   പ്രേതബാധയുള്ള വീട് " - എന്തിനെ പ്രതിനിധീകരിക്കുന്നു?

4. "വെമ്പി ഞങ്ങളീ ലോകം സമത്വ
   പ്പൊൻ വനിയായ് പുനർ വിരചിപ്പാൻ" - ആരാണ് വെമ്പിയത്?

5. "മംഗളമാക, മർത്ത്യമഹത്ത്വ
   ശൃംഗ കാമുകം താവക മാർഗ്ഗം" - ഈ ആശംസയുടെ പശ്ചാത്തലമെന്ത്?

6. "ആരോ പണ്ടു മെനഞ്ഞ കഥയോ?
   നേരോ? ഞാനറിവില്ലിന്നോളം സൗഖ്യം " - എന്തിനെക്കുറിച്ചാണ്
   സൂചിപ്പിക്കുന്നത്?

7. "ഒരു ഗോതമ്പുശില്പത്തിന്റെ
   അനന്തമായ സർഗ്ഗാത്മകത

ഉള്ളി കൂട്ടി കടിച്ചു തിന്നതെന്തിന്?" - വിശദമാക്കുക.

8. 'ഒറ്റക്കു വീണുമരിക്കാൻ പഠിച്ചുകഴിഞ്ഞു ഞാൻ ' എന്ന പ്രസ്താവന ഏതു സാഹചര്യത്തിലാണ് ഉണ്ടാവുതെന്ന് വിശദീകരിക്കുക.

9. " അഥവാ ഉലക്കമേൽ കിടക്കാനുള്ളതാണോ ഒരുമ?
അതോ തലഉയർത്തി എണീറ്റു നില്ക്കാനുള്ളതോ "? - ഈ ചോദ്യങ്ങൾ ഉയരുന്ന സന്ദർഭമേതെന്ന് വിശദീകരിക്കുക.

10. "ഓർമ്മകളിലേക്ക് തിരിച്ചു വെക്കാനാവുന്നില്ലല്ലോ എനിക്ക് കുട്ടമ്മാനെ " - എന്ന് കവി ആശങ്കപ്പെടുന്നതെന്തുകൊണ്ട് ?

11. "ഈ മൃഗഗ്രഹം നൂളാൻ
എന്റെയാവിവൻ തോണി " സന്ദർഭമേത്? വിശദമാക്കുക.

12. "കൊടുങ്കാറ്റിനെ അഴിച്ച്
തിരമാലയ്ക്കു കൊടുത്തു " - ആര്? വിശദമാക്കുക.

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.*

13. 'ഗൃഹാതുരമായ ഓർമ്മകളെ പങ്കു വയ്ക്കുന്ന കവിതയാണ് വെറ്റില ചെല്ലം' - വിശദീകരിക്കുക

14. 'കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ വേറിട്ട ഒരു ഭാവുകത്വത്തെ അടയാളപ്പെടുത്തുന്നു' - കുന്നിമണികൾ എന്ന പാഠഭാഗത്ത് തന്നിട്ടുള്ള കവിതകളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

15. 'അന്യാപദേശ സ്വഭാവമുള്ള കവിതയാണ് 'കോഴി' - വിശദീകരിക്കുക.

16. മുള്ളൻപന്നി എന്തുകൊണ്ട് അവതാരമാകാതിരുന്നു എന്നതിന് കവി ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ എന്തെല്ലാം?

17. മൃഗശിക്ഷകൻ എന്ന കവിതയിൽ അധികാരം സ്ഥാപിക്കപ്പെടുന്ന രീതികൾ ഏതെല്ലാമെന്ന് വിശദമാക്കുക.

18. "പാരിസ്ഥിതികവും സ്ത്രീ കേന്ദ്രീകൃതവുമായ ഒട്ടേറെ പാരായണ സാധ്യതകൾ ഉള്ള കവിതയാണ് വി.എം.ഗിരിജയുടെ കൽവീട്" - ചർച്ച ചെയ്യുക.

19. 'സമ്പത്തു കാലത്ത് ........' എന്ന പഴഞ്ചൊല്ലിനെ സച്ചിദാനന്ദൻ എങ്ങനെ വ്യാഖ്യാനിക്കുന്നു?

20. "പ്രകൃതിയിലേക്ക് മറ്റാരും നോക്കാത്ത നോട്ടമാണ് ആഴങ്ങൾ അടച്ചിട്ട പുഴ എന്ന കവിതയിലൂടെ എസ് ജോസഫ്" - വിശദീകരിക്കുക.

21. സ്മാരകം എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പെഴുതുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. 'പ്രണയത്തെക്കുറിച്ചുണ്ടായിരുന്ന മലയാളിയുടെ പരമ്പരാഗത സങ്കല്പത്തെ അപനിർമിച്ചകവിതയാണ് ലീല' - ഉപന്യസിക്കുക.

23. കാലത്തിന്റെ കാലുഷ്യത്തെ കോഴി, മുള്ളൻപന്നി, പിറക്കാത്തമകന് എന്നീ കവിതകളിൽ എപ്രകാരമാണ് ആവിഷ്കരിക്കുന്നതെന്ന് വിശദമാക്കുക.

24. "ആണധികാരത്തിന് കീഴിലെ പെൺജീവിതം" എതിൽ നിന്ന് "അധികാരത്തിന് കീഴിലെ ജീവിതങ്ങൾ " എന്നതിലേക്ക് സംക്രമിക്കുന്ന കവിതയാണ് വിജയലക്ഷ്മിയുടെ 'മൃഗശിക്ഷകൻ' - പരിശോധിക്കുക.

25. 'സാമ്പ്രദായിക ചരിത്രത്തിൽ ഇടം നേടാത്തവരും ചരിത്രം നിഷകാസിതരാക്കിയവരും എം.ആർ രേണുകുമാറിന്റെ കവിതകളിൽ ഇടം നേടാറുണ്ട്' - കുട്ടമ്മാൻ എന്ന കവിതയെ മുൻ നിറുത്തി ചർച്ച ചെയ്യുക.

(2×15=30)